**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5046** **04-07-2024 - ൽ മറുപടിയ്ക്ക്**

**സ്കൂൾ കുട്ടികളിലെ മാനസികാരോഗ്യപ്രശ്നങ്ങൾക്കുള്ള പരിഹാരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. പി. അനിൽ കുമാർ ,<br>ശ്രീമതി കെ. കെ. രമ,<br>ശ്രീ. ടി. സിദ്ദിഖ്,<br>ശ്രീ. അൻവർ സാദത്ത് | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സ്കൂൾ കുട്ടികളിലെ മാനസികാരോഗ്യപ്രശ്നങ്ങൾ കണ്ടെത്തുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | സ്കൂൾ കുട്ടികളിലെ മാനസികാരോഗ്യ പ്രശ്നങ്ങൾ എന്താണെന്നും ആയതിന്റെ തോത് കണ്ടെത്തുന്നതിനുമായി എസ്.സി.ഇ.ആർ.ടി മുഖേന പഠനം നടത്തിയിട്ടുണ്ട്. കുട്ടികളുടെ മാനസിക പ്രശ്നങ്ങളിൽ ഇടപെടുന്നതെങ്ങനെയെന്ന് വിശദമാക്കി സമീപനരേഖ തയ്യാറാക്കിയിരുന്നു. കോവിഡ് കാലത്ത് കുട്ടികളുടെ മാനസികാരോഗ്യ പ്രശ്നങ്ങൾ പ്രത്യേകമായി പഠിക്കുകയും വൈകാരികമായ വളർച്ചയ്ക്ക് പിന്തുണ നൽകുന്നതിന് അധ്യാപക പരിശീലന കൈ പുസ്തകം തയ്യാറാക്കിയിട്ടുമുണ്ട്. ഹയർ സെക്കന്ററി വിഭാഗത്തിൽ കൗമാര വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട് NIMHANS മായി സഹകരിച്ച് അധ്യാപക പരിശീലനങ്ങൾ നൽകിയിയിരുന്നു. സംസ്ഥാനത്തെ എല്ലാ ഗവൺമെന്റ്, എയ്ഡഡ് ഹയർ സെക്കന്ററി സ്കൂളുകളിലും പരിശീലനം ലഭിച്ച ഒരു അധ്യാപിക/അധ്യാപകൻ കോ-ഓർഡിനേറ്ററായി പ്രവർത്തിച്ചു കൊണ്ട് സൗഹൃദ ക്ലബുകൾ പ്രവർത്തിച്ചു വരുന്നുണ്ട്. |
| (ബി) | കുട്ടികളിലെ മാനസികാരോഗ്യപ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി സ്കൂളുകളിൽ സൈക്കോളജിസ്റ്റുമാരുടെ സേവനം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | സ്കൂൾ തലത്തിൽ കുട്ടികളിലെ മാനസികാരോഗ്യ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി വനിതാ-ശിശു വികസന വകുപ്പിന്റെ ആഭിമുഖ്യത്തിൽ 1012 കൗൺസിലർമാരെ നിയോഗിച്ചിട്ടുണ്ട്. അധ്യാപകർ, കൗൺസിലർ എന്നിവർ മുഖേന പ്രാഥമിക കൗൺസിലിംഗ് നടത്തിയ ശേഷം റഫറൽ സമ്പ്രദായം എന്ന നിലയ്ക്ക് സൈക്കോളജിസ്റ്റുമാരുടെ സേവനം ഉപയോഗപ്പെടുത്തുന്നു. |
| (സി) | സ്കൂളുകളിലെ ലഹരി ഉപയോഗം മൂലം കുട്ടികൾക്കിടയിൽ ഉണ്ടാകുന്ന മാനസികാരോഗ്യ | (സി) | എല്ലാ വർഷവും നിംഹാൻസ് (NIMHANS) ബാംഗ്ലൂരിൽ നിന്നും പരിശീലനം ലഭിച്ച സൗഹൃദ കോ-ഓർഡിനേറ്റർമാരെ ഉപയോഗപ്പെടുത്തിക്കൊണ്ട് |

| | | | |
|---|---|---|---|
| | പ്രശ്നങ്ങൾ കണ്ടെത്തുന്നതിന് വകുപ്പ് പ്രത്യേക നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ? | | സംസ്ഥാനത്തെ എല്ലാ ഹയർ സെക്കന്ററി സ്കൂളുകളിലെയും സൗഹൃദ കോ- ഓർഡിനേറ്റർമാർക്ക് മയക്കു മരുന്നിന്റെ ദുരുപയോഗം തടയൽ, ആത്മഹത്യ അടയാളങ്ങളും അവ തടയലും, ടെക്നോളജി അഡിക്ഷൻ, മെന്ററിംഗ് എന്നീ വിഷയങ്ങളിൽ പരിശീലനം നൽകിയിട്ടുണ്ട്. മെന്റൽ ഹെൽത്ത് ൽ വിദഗ്ധരുടെ സഹായത്തോടെ എല്ലാ ഗവൺമെന്റ്, എയ്ഡഡ് ഹയർ സെക്കന്ററി സ്കൂളുകളിലും ഒരു സെഷൻ നൽകി വരുന്നു. 10 ജീവിത നൈപുണികളുടെ ഉപയോഗം കുട്ടികളിൽ എത്തിക്കാൻ പ്രത്യേക പ്രോഗ്രാമുകൾ എല്ലാ ഹയർ സെക്കന്ററി സ്കൂളുകളിലും സൗഹൃദ കോ-ഓർഡിനേറ്റർമാർ മുഖേന നടപ്പാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ